(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം ദിനംനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ളത് ; വിശദവിവരം നൽകുമോ ;

(ബി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഗാർഹീക ഉപഭോക്താക്കൾക്ക് നൽകി വരുന്ന സബ്സിഡി ഇക എത്രയാണ് ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വീടുകളിൽനിന്നുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് പതിനായിരം (10000) റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുവരുന്നു. ഇതിലൂടെ മൊത്തം 10 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്. സൗരോർജ്ജ വൈദ്യുതി ഉത്പാദന പദ്ധതിക്കായി അനെർട്ടിനെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഒരു കിലോവാട്ടിന്റെ പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ (MNRE) വിഹിതമായി 53,262-രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 39,000- രൂപയും സബ്സിഡിയായി നൽകിവരുന്നു.

വൈദ്യുതി ഉല്പാദനത്തെക്കുറിച്ച് പഠനങ്ങൾ

46 (386) ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുതി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളെക്കുറിച്ച് കെ. എസ്. ഇ. ബി. കഴിഞ്ഞ പതിറ്റാണ്ടിൽ പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനങ്ങളിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ ;

(സി) ഈ കണ്ടെത്തലുകളെ ആസ്പദമാക്കിയുള്ള റിപ്പോർട്ടുകളെന്തെങ്കിലും സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) വൈദ്യുതി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനു വേണ്ട വിവിധ പദ്ധതികൾ 11, 12 പഞ്ചവത്സര പദ്ധതികളിലായി നടപ്പിലാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ആവശ്യകത സംബന്ധിച്ചും വിവിധ മേഖലയിലുള്ള വൈദ്യുത ഉപഭോഗം സംബന്ധിച്ചും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ഇലക്ട്രിക്കൽ സർവ്വേകൾ നടത്തിവരുന്നു. ഈ സർവ്വേറിപ്പോർട്ടുകൾ അനുസരിച്ച് ഊർജ്ജ മേഖലയിലുള്ള ഗാർഹിക, കാർഷിക, വാണിജ്യ, വ്യവസായ മേഖലകളിൽ വരുന്ന ഉപഭോഗ വർദ്ധനവും കണക്കാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 17-ാം EPS സർവ്വേയിൽ 2011-12 വരെയും, 18-ാം EPS സർവ്വേയിൽ 2021-22 വരെയും ഉള്ള വൈദ്യുതി ആവശ്യകതയും കണക്കാക്കിയിട്ടുണ്ട്.

കഴിഞ്ഞ 10 വർഷത്തെ വൈദ്യുതി ആവശ്യകത സംബന്ധിച്ചും വിവിധ മേഖലയിലുള്ള വൈദ്യുത ഉപഭോഗം സംബന്ധിച്ചും കണക്ക് പരിശോധിച്ചാൽ ആവശ്യകത, ഉപഭോഗം എന്നിവയനുസരിച്ച് ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടില്ല എന്നു കാണാവുന്നതാണ്.

2004-05 മുതൽ 2013-14 വരെ ഊർജ്ജ ആവശ്യകത, ഉപഭോഗം എന്നിവ പരിശോധിച്ചാൽ ഉപഭോഗം ഏകദേശം 96 ശതമാനം വർദ്ധന രേഖപ്പെടുത്തുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദനശേഷി 10 ശതമാനം മാത്രമാണ് വർദ്ധിപ്പിക്കാനായിട്ടുള്ളത്. 2004-05-ൽ സ്ഥാപിതശേഷി 2623.86 മെഗാവാട്ടും ഉപഭോഗം 9384.4 മില്യൺ യൂണിറ്റും ആയിരുന്നു. 2013-14-ൽ സ്ഥാപിതശേഷി 2891.72 മെഗാവാട്ടും ഉപഭോഗം 17454 മില്യൺ യൂണിറ്റുമാണ്.

18-ാം EPS സർവ്വേപ്രകാരം 2014-15-ലെ ആവശ്യകത 4137 മെഗാവാട്ടും ലഭ്യത 3300 മെഗാവാട്ടും ആണെന്നും 837 മെഗാവാട്ടിന്റെ കുറവുണ്ടെന്നും കണക്കാക്കിയിട്ടുണ്ട്. അതിനാൽ ഈ വൈദ്യുതി ആവശ്യകത നിറവേറ്റാൻവേണ്ട വൈദ്യുത കരാറുകളും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്ന നടപടികളും സ്വീകരിച്ചു വരികയാണ്.

ചാലക്കുടി, കൊരട്ടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം

47 (387) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നകാര്യം നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് പരിശോധിച്ചുവരുന്നു.

കന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനുകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

48 (388) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് കന്നംകുളം കെ.എസ്.ഇ.ബി.

LIBRARY ARCHIVES Kerala Legislative Assembly